## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4291** **12.11.2019-ൽ മറുപടിക്ക്**

### കോട്ടയ്ക്കൽ പുന്നംചോല പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ പുന്നംചോല നിവാസികൾ നൽകിയ അപേക്ഷ വൈദ്യുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ പുന്നംചോല നിവാസികൾ നൽകിയ അപേക്ഷ പരിശോധിക്കുകയും, ടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാനായി എടയൂർ സെക്ഷന്റെ പരിധിയിൽ 600 മീറ്റർ. 11 കെ.വി ലൈൻ വലിച്ച് പുന്നംചോല പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ തീരുമാനിച്ച പ്രകാരം, 10,14,500/- രൂപയുടെ പ്രവൃത്തിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ടി പ്രവൃത്തിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുളള ഡി.പി സ്ട്രക്ച്ചറിന്റെ പണികൾ പൂർത്തിയായി. 11 കെ. വി ലൈൻ വലിക്കുന്ന വർക്ക് പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വേണ്ടി തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഇലക്ട്രിക്കൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ